File No.DB4/288/2019-LSGD

G.O.(Rt)No.596/2020/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വയനാട് ജില്ലാ പഞ്ചായത്തിന്റെ ജീവനം (ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം) പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം. 596/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 11/03/2020

---

പരാമർശം:- 1 വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04/11/2019ലെ കത്ത്.

2 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04/11/2019ലെ കത്ത്.

3. 06/12/2019ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.9 നമ്പർ തീരുമാനം.

**ഉത്തരവ്**

വൃക്ക രോഗികളെ സഹായിക്കുന്നതിനു വേണ്ടി വയനാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിവരുന്ന ജീവനം പദ്ധതി പ്രകാരം ഡയാലിസിസ് ചെയ്യുന്നതിന് രോഗികളുടെ അക്കൗണ്ടിലേക്ക് പ്രതിമാസം 3000/- രൂപ നൽകിവരുന്നു. വൃക്ക മാറ്റിവച്ച രോഗികൾക്ക് മരുന്ന് നൽകുകയും നിരാലംബരായ കിടപ്പുരോഗികളെ പരിചരിക്കാൻ വോളണ്ടിയറെ സജ്ജമാക്കുകയും ആണ് പ്രധാന പ്രവർത്തനം.ടി പദ്ധതി സാമ്പത്തികം ഉൾപ്പെടെ പൊതുപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിവരുന്നത്. തുടർവർഷങ്ങളിൽ ഈ പദ്ധതി നടത്തിപ്പിന് ഭാരിച്ച ചെലവ് വരുമെന്നതിനാൽ ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥ വെച്ച് പൊതുജനങ്ങളിൽ നിന്നും തുക സമാഹരിക്കുക എന്നത് ശ്രമകരമാണ് എന്നും ആയതിനാൽ 2020-21 സാമ്പത്തിക വർഷം മുതൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക കഴിവിനനുസരിച്ച് താൽപര്യമുള്ള തുക പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും വകയിരുത്തി സംയുക്ത പ്രോജക്ടായി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന പരാമർശം (1)ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം (2) പ്രകാരം വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം (3) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികളുടെ അക്കൗണ്ടിലേക്ക് തുക കൈമാറാവുന്നതല്ല എന്നാൽ ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് തുക കൈമാറുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നതിന് വയനാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. കിടപ്പുരോഗികളെ പരിചരിക്കൽ പാലിയേറ്റീവ യൂണിറ്റുമായി ചേർന്ന് നടപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ജില്ലാപഞ്ചായത്ത് സെക്രട്ടറി, വയനാട്

File No.DB4/288/2019-LSGD

G.O.(Rt)No.596/2020/LSGD

ജില്ലാപഞ്ചായത്ത് പ്രസിഡന്റ്,വയനാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ